**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2966** **12-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് ഫിഷ് ലാന്റിംഗ് സെന്റർ പൂർണ്ണരീതിയിൽ ഉപയുക്തമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ 12.552 സെന്റ് ഭൂമി ഏറ്റെടുക്കൽ നടപടികൾ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ മുഖേന സ്വീകരിച്ച് വരികയാണ്. അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ഫിഷ് ലാന്റിംഗ് സെന്റർ പൂർണ്ണ രീതിയിൽ ഉപയുക്തമാക്കുന്നതിന് സാധ്യമാകുകയുള്ളൂ. |
| (ബി) | ഇതുസംബന്ധിച്ച് 13/03/2022-ന് സമർപ്പിച്ച പരാതിയെത്തുടർന്ന് മത്സ്യബന്ധന തുറമുഖ(ബി) വകുപ്പിലെ ബി2/77/2022 നമ്പർ ഫയലിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | ഉണ്ട്. 5/07/2022 ൽ ലഭ്യമായിട്ടുള്ള പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി കൂടുതൽ ഭൂമി വിട്ടുനൽകുമെന്ന് ഭൂവുടമകൾ സമ്മതിച്ചിട്ടുണ്ടോ; പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി കൂടുതൽ ഭൂമി വിട്ടു നൽകുന്നതിന് ഭൂവുടമകൾ സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത 8.575 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സ്ഥലമെടുപ്പ് പൂർത്തിയായശേഷം ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ? | (ഡി) | സ്ഥലമെടുപ്പ് പൂർത്തിയായശേഷം ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള റോഡ്, പാർക്കിംഗ് ഏരിയ, ഡ്രെയിനേജ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ